# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

## ചീഫ് എക്സിക്യൂട്ടീവിന്റെ (ഇൻ ചാർജ്ജ്) നടപടിക്രമങ്ങൾ

## (ഹാജർ- ശ്രീ.കെ.ശ്രീലാൽ)

വിഷയം : കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ സ്ഥിരം ജീവനക്കാരിൽ ആവശ്യമുള്ള ജീവനക്കാർക്ക് റംസാൻ പ്രമാണിച്ച് 2017- ജൂൺ മാസത്തെ ശമ്പളം മുൻകൂറായി വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) 17/10/1988 - ലെ 29/88 - 89 - നമ്പർ ബോർഡ് സർക്കുലർ.

2) 20.06.2017-ലെ സ.ഉ (പി) നം. 80/2017/ധന സർക്കാർ ഉത്തരവ്.

## ഉത്തരവ് നമ്പർ എഫ്-11355/17 തീയതി 21.06.2017

സൂചന (2) സർക്കാർ ഉത്തരവ്പ്രകാരം ആവശ്യമുള്ള സർക്കാർ ജീവനക്കാർക്ക് റംസാൻ പ്രമാണിച്ച് 2017- ജൂൺ മാസത്തെ ശമ്പളം 22.06.2017 തീയതി മുതൽ വിതരണം ചെയ്യുവാൻ അനുമതി നൽകി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൂചന (2) ലെ സർക്കാർ ഉത്തരവിൻ പ്രകാരം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ജില്ലാ കമ്മിറ്റി/ ഉപകാര്യാലയങ്ങളിലെ, സേവനത്തിൽ തുടരുന്ന സ്ഥിരം ജീവനക്കാരിൽ ഫുൾ ടൈം, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ 2017 ജൂൺ മാസത്തെ ശമ്പളം ആവശ്യമുള്ള ജീവനക്കാർക്ക് 22.06.2017 തീയതി മുതൽ യഥാവിധി വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥർക്കും സൂചന (1) ലെ ബോർഡ് സർക്കുലർ പ്രകാരം അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)

**പകർപ്പ്**

ജില്ലാകമ്മിറ്റി ചെയർമാൻമാർ

/കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ/ഉപകാര്യാലയങ്ങൾ.

ഫൈനാൻസ് ഓഫീസർ

അക്കൗണ്ട്സ് ഓഫീസർ (ഡബ്ലിയു & ഇ), (പി & എ), (ഐ.എ)

ജൂനിയർ സൂപ്രണ്ട് (എല്ലാ സെക്ഷനുകളിലും

ബിൽ/എസ്.എഫ് സ്പെയർ

//ഉത്തരവിൻ പ്രകാരം//

Jayagopalash

ജൂനിയർ സൂപ്രണ്ട്